(സി) എങ്കിൽ ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികയിലിരിക്കുന്നവർക്ക് ഇപ്രകാരം നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിന് കഴിയും എന്ന് വെളിപ്പെടുത്തുമോ; ഇതിനുവേണ്ട യോഗ്യതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) തസ്തിക മാറ്റം വഴി മുനിസിപ്പൽ സെക്രട്ടറിമാരെ നിയമിക്കുന്നതിനുള്ള റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ഈ ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത്; ഇതിന്റെ കാലാവധി എന്ന് തീരും എന്ന് വ്യക്തമാക്കുമോ;

(ഇ) ആകെയുള്ള ഒഴിവുകളിൽ എത്ര എണ്ണമാണ് തസ്തികമാറ്റം വഴിയുള്ള അപേക്ഷകൾക്കായി നീക്കിവച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(എഫ്)തസ്തികമാറ്റം വഴി നിയമിക്കേണ്ട മുനിസിപ്പൽ സെക്രട്ടറിമാരുടെ എത്ര ഒഴിവുകളിൽ ഇനി നിയമനം നടത്തേണ്ടതുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനമാണ്. ആകെ 59 തസ്തികകൾ നിലവിലുണ്ട്.

(ബി)&(സി) മുനിസിപ്പൽ കോമൺ സർവ്വീസിലെയും മുനിസിപ്പൽ ഭരണ വകുപ്പിലെയും ജീവനക്കാരിൽ യു.ഡി. ക്ലാർക്ക് തസ്തികയുടെ ശമ്പള സ്കെയിലിലോ അതിനു മുകളിലോ ഉള്ള തസ്തികകളിൽ 3 വർഷത്തിൽ കുറയാതെ സർവ്വീസുള്ളവർക്ക് മുനിസിപ്പൽ സെക്രട്ടറി തസ്തികയുടെ ഒഴിവിലേയ്ക്കായി അപേക്ഷിക്കാവുന്നതാണ്. ഇവർക്ക് മിനിമം വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി. മതിയാകുന്നതാണ്.

(ഡി) നിലവിലുണ്ട്. പി.എസ്.സി. 12.8.1997-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി 11.8.2000-ൽ അവസാനിക്കുന്നതാണ്.

(ഇ) തസ്തികമാറ്റ നിയമനത്തിന് ആകെ ഒഴിവിന്റെ 50% നീക്കിവച്ചിട്ടുണ്ട്.

(എഫ്)&(ജി) ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണത്തെ ആശ്രയിച്ചാണ് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന്റെ എണ്ണം. അംഗീകൃത റേഷ്യോയുടെ അടിസ്ഥാനത്തിൽ, കണക്കാക്കുന്നത്. ആയതിനാൽ മുൻകൂട്ടി തീരുമാനിച്ച് നടപടികൾ സ്വീകരിക്കാനാവില്ല.

99 (3187) കേരള നഗര വികസന ധനസഹായ കോർപ്പറേഷൻ

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നഗര വികസന സഹായ കോർപ്പറേഷൻ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചതെന്നാണ്; ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; ഇതിന്റെ മൂലധനമെത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.യു.ഡി.എഫ്.സി.യെ സംസ്ഥാനത്തെ ലോക്കൽ ഏജൻസിയായി നിയോഗിക്കുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരത്തെ റൂറൽ ഡെവലപ്മെന്റ് ബോർഡും കെ.യു.ഡി.എഫ്.സിയും സംയോജിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള നഗര വികസന ധനസഹായ കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചത് 1970-ൽ ആണ്. നഗരസഭകളുടെ പ്രത്യുൽപ്പാദനപരവും അല്ലാത്തതുമായ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുകയും അവയുടെ പ്രവർത്തന മേഖലയിൽ ലാഭം കൂടുന്നതിനുവേണ്ട മറ്റു സഹായങ്ങൾ ചെയ്യുകയുമാണ് പ്രധാന ഉദ്ദേശം. ഇതിന്റെ അംഗീകൃത മൂലധനം രണ്ടര കോടി രൂപയും അടച്ചു തീർത്ത മൂലധനം 96.04 ലക്ഷം രൂപയുമാണ്.

(ബി) നഗരസഭകളിൽ നടപ്പാക്കുന്ന സാമൂഹ്യക്ഷേമപരമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലുള്ള ധനസഹായം ലഭ്യമാക്കുന്ന നോഡൽ ഏജൻസിയായി കെ.യു.സി.എഫ് പദ്ധതിയെ അംഗീകരിച്ചിട്ടുണ്ട്.

(സി) ഇത്തരം നിർദ്ദേശം ഒന്നും പരിഗണനയിലില്ല.

ഹജ്ജ് ഹൗസ് നിർമ്മിക്കാൻ നടപടി

100(3188) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി വിമാനത്താവളത്തിൽനിന്ന് ഹജ്ജ് തീർത്ഥാടനത്തിന് പോകുന്നവർക്കുവേണ്ടി വിമാനത്താവളത്തിന് സമീപം ദേശീയ പാതയോരത്ത് ഒരു ഹജ്ജ് ഹൗസ് നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) അടുത്ത ഹജ്ജ് തീർത്ഥാടനത്തിനു മുൻപ് ഹജ്ജ് ഹൗസിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയുന്ന നിലയിൽ ജി.സി.ഡി.എ.യുടെ സഹകരണം ഇതിനായി പ്രയോജനപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ;

(സി) ഹജ്ജ് തീർത്ഥാടകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ലഭ്യമായിട്ടുള്ള ഒരു കോംപ്ലക്സായി "ഹജ്ജ് ഹൗസ്" രൂപകൽപ്പം (രൂപകൽപ്പന) ചെയ്യുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly